**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2901** **22-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളിലെ അന്യത്ര സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നീ തസ്തികയിൽ അന്യത്ര സേവനത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നത് വിവിധ ക്ഷേമനിധി ബോർഡുകളുടെ വിശേഷാൽ ചട്ടത്തിൽ പ്രതിപാദിക്കുന്നുണ്ടോ; | (എ) | വിശദാംശങ്ങൾ അനുബന്ധം (എ) ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | എങ്കിൽ നിലവിൽ വിവിധ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് നിയമിക്കപ്പെട്ടത് എന്ന് ബോർഡ് തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | തൊഴിൽ വകുപ്പിലെ അസി. ലേബർ ഓഫീസർ ഗ്രേഡ് 2 മുതൽ ഡെപ്യൂട്ടി ലേബർ ഓഫീസർവരെയുള്ള തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് മേൽ തസ്തികയുടെ മൂന്നിൽ ഒരു ഭാഗം അന്യത്ര സേവനം നൽകണമെന്നിരിക്കെ ആയത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ഇപ്രകാരം വ്യവസ്ഥ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - എ

| | |
|---|---|
| കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല. ബോർഡ് സമർപ്പിച്ച കരട് വിശേഷാൽ ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 05/10/2000–ലെജി.ഒ (എം.എസ്) 95/2000/തൊഴിൽ നമ്പർ സർക്കാർ (എസ്.ആർ.ഒ നമ്പർ 954/200), ഉത്തരവിലെ ചട്ടം 6 (2) വിഭാഗം എ(1) പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള ലേബർ വകുപ്പിൽ നിന്നും ഡെപ്യൂട്ടി ലേബർ കമ്മീഷണർ പദവിയിൽ കുറയാത്ത യോഗ്യതയുള്ളവരിൽ നിന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമം 7–)0 വകുപ്പനുസരിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തികയിലേക്ക് സർക്കാർ നിയമനം നൽകുന്നു. മറ്റ് തസ്തികകളിലെ നിയമനങ്ങൾ എല്ലാം പി.എസ്.സി മുഖേനയാണ് നടത്തി വരുന്നത്. ജില്ലാ എസ്ക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തികയിൽ ജൂനിയർ സൂപ്രണ്ടിൽ നിന്നും പ്രൊമോഷൻ മുഖേനയോ നേരിട്ടോ പി.എസ്.സി വഴി നിയമനം നടത്തുന്നു. |
| കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, മേഖലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ അന്യത്രസേവനവ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കാമെന്ന് ബോർഡിന്റെ വിശേഷാൽ ചട്ടത്തിൽ പ്രതിപാദിക്കുന്നുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്പെഷ്യൽ റൂൾസ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർ, ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ എന്നിവരെ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കണമെന്ന് സ്പെഷ്യൽ റൂൾസിൽ പ്രതിപാദിക്കുന്നില്ല. എന്നാൽ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഒരാളെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറായി സർക്കാരിന് നിയമിക്കാവുന്നതാണെന്ന് 1969–ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ സെക്ഷൻ 25(1)–ൽ പരാമർശിക്കുന്നുണ്ട്. |
| കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധിബോർഡ് | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ എന്ന തസ്തികയില്ല. പകരം ജില്ലാ കമ്മിറ്റി ചെയർമാൻ എന്ന തസ്തികയാണുള്ളത്. ജില്ലാ കമ്മിറ്റി ചെയർമാന്റെ തസ്തിക സംബന്ധിച്ച് ബോർഡിന്റെ വിശേഷാൽ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ല. എന്നാൽ 1983–ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി ഖണ്ഡിക 15 പ്രകാരം ജില്ലാ ലേബർ ഓഫീസറുടെ റാങ്കിൽ കുറയാത്ത തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥനെയോ മറ്റ് വകുപ്പുകളിലെ സമാന ഗ്രേഡിലുള്ള ഉദ്യോഗസ്ഥനെയോ ജില്ലാ കമ്മിറ്റി ചെയർമാനായി സർക്കാരിന് നിയമിക്കാവുന്നതാണ്. ഇപ്രകാരമുള്ള നിയമനത്തിന് തൊഴിൽ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ലഭ്യമാണെങ്കിൽ അവർക്ക് മുൻഗണന സർക്കാരിന് നൽകാവുന്നതാണ്.<br><br>ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് തസ്തിക സംബന്ധിച്ച് വിശേഷാൽ ചട്ടങ്ങളുടെ ചട്ടം 6, 7–ൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ 1981–ലെ കേരള ചുമട്ടു തൊഴിലാളി ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം തൊഴിൽ വകുപ്പിലെ ജോയിന്റ് ലേബർ കമ്മീഷണറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവായി സർക്കാരിന് നിയമിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | ജില്ലാ എക്സിക്യൂട്ടീവ് തസ്തിക നിലവിലില്ല. എന്നാൽ ചീഫ് എക്സിക്യൂട്ടീവ് തസ്തിക നിലവിലുണ്ട്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച് ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. നിലവിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ പൂർണ്ണ അധികചുമതലയിൽ ജോലി ചെയ്യുന്നു. |
| കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക തൊഴിൽ വകുപ്പിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തസ്തികയും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർ തസ്തികയും സമാനമായ തൊഴിൽ വകുപ്പിലെയും ഇതര സർക്കാർ വകുപ്പുകളിലെയോ ഉദ്യോഗസ്ഥരെയാണ് ക്ഷേമനിധി സ്കീമിലെ അദ്ധ്യായം മൂന്ന് പ്രകാരം സർക്കാർ നിയമിക്കുന്നത്. |
| കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിശേഷാൽ ചട്ടം നിലവിൽ വന്നിട്ടില്ല. എന്നാൽ 1995–ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി അദ്ധ്യായം 3 ഖണ്ഡിക 16 പ്രകാരം "ഗവൺമെന്റിന് ബോർഡിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ അതേ പദവിയിൽ കുറയാത്ത മറ്റേതെങ്കിലും സംസ്ഥാന ഉദ്യോഗസ്ഥനെയോ ചീഫ് |

| | |
|---|---|
| | എക്സിക്യൂട്ടീവ് ഓഫീസറായും ആവശ്യമെന്ന് കരുതുന്ന മറ്റ് ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. |
| കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് | കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ (റെഗുലേഷൻസ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) കേരള റൂൾസ് 1998 റൂൾ 279 (2)–ന്റെ (i) (ii) പ്രകാരം ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളിലും മറ്റ് വകുപ്പുകളിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br><br>എന്നാൽ റൂൾ 279 പ്രകാരം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ സെക്രട്ടറിയുടെ നിയമനം ലേബർ വകുപ്പിലെ ജോയിന്റ് ലേബർ കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് വേണ്ടി വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. എന്നാൽ 2010–ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ചട്ടങ്ങളിലെ ഖണ്ഡിക 13(1) പ്രകാരം സംസ്ഥാന തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെയോ, സംസ്ഥാന സർക്കാർ സർവ്വീസിൽ തത്തുല്യ പദവിയിലുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സർക്കാരിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.<br><br>ചട്ടങ്ങളിലെ ഖണ്ഡിക 14(1) പ്രകാരം ആക്റ്റും പദ്ധതിയും നടപ്പാക്കുന്നതിന് വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിന് 21 വകുപ്പ് പ്രകാരം സംസ്ഥാന തൊഴിൽ വകുപ്പിലെ ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരേയോ അല്ലെങ്കിൽ സർക്കാർ വകുപ്പിലെ തത്തുല്യ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരേയോ സർക്കാരിന് മുഖ്യ കാര്യാലയത്തിൽ ഹെഡ്ക്വാർട്ടേഴ്സ് എക്സിക്യൂട്ടീവ് ഓഫീസറായും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരായും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. |
| കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അദ്ധ്യായം 3–ൽ ഖണ്ഡിക 14–ൽ സംസ്ഥാന തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനേയോ സംസ്ഥാന സർവ്വീസിൽ തത്തുല്യ പദവി വഹിക്കുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനേയോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാരിന് നിയമിക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 16–)o ഖണ്ഡിക പ്രകാരം തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 1 പദവിയിലുള്ള ഉദ്യോഗസ്ഥനേയോ സമാന തസ്തികയിലുള്ള ഉദ്യോഗസ്ഥനേയോ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരായി അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാരിന് നിയമിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| കേരള ബീഡി –ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ബീഡി –ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല. ടി തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാർ നിയമനം നടത്തി വരുന്നു. |
| കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2001–ലെ കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ (നിയമനവും സേവന വ്യവസ്ഥകളും) റെഗുലേഷൻ പ്രകാരം കമ്മീഷണറെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ ജില്ലാ ഓഫീസുകളിൽ ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാരെ ഡെപ്യൂട്ടേഷൻ മുഖേനയല്ല നിയമിച്ചിട്ടുള്ളത്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ എല്ലാ ജില്ലാ ഓഫീസുകളിലും ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാരെ മേൽ റെഗുലേഷൻ പ്രകാരം പി.എസ്.സി മുഖാന്തിരമാണ് നിയമിച്ചിട്ടുള്ളത്. |
| കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 9–)oവകുപ്പ് പ്രകാരം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും, ആവശ്യമെന്ന് കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരേയും സർക്കാരിന് നിയമിക്കാവുന്നതാണ്.<br><br>സാമ്പത്തിക ശേഷി തുലോം കുറഞ്ഞ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നാളിതുവരെ ചട്ടങ്ങൾ പ്രകാരം തസ്തികകൾ സൃഷ്ടിക്കപ്പെട്ട് നിയമനങ്ങൾ നടത്തുക ഉണ്ടായിട്ടില്ല. സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിൽ തൊഴിൽ വകുപ്പിലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന് മേൽ ബോർഡിന്റെ |

| | |
|---|---|
| | ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും, (സ.ഉ (എ.എസ്) നമ്പർ 55/2009/തൊഴിൽ തീയതി 18/03/2009), 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക്, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും (സ.ഉ (ആർ.റ്റി) നമ്പർ 788/2009/തൊഴിൽ, തീയതി 11/06/2009) പൂർണ്ണ അധികച്ചുമതലകൾ നൽകയിരിക്കുന്നു. |
| കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | ഉണ്ട്. |
| കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലെ നിയമനങ്ങൾനിയന്ത്രിക്കുന്നതിനിവിശേഷാൽചട്ടങ്ങൾ രൂപീകരണത്തിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.2010-ലെകേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ചട്ടം (സ.ഉ (എം.എസ്) നം.93/2010/തൊഴിൽ തീയതി 10/08/2020) 22 ലെ വ്യവസ്ഥ പ്രകാരം തൊഴിൽ വകുപ്പിലെ ജോയിന്റ് ലേബർ കമ്മീഷണർ തസ്തികയിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കേണ്ടത്. മേൽപറഞ്ഞ ചട്ടം 23(1) (2) (3) 14,15 പ്രകാരം, പദ്ധതിയുടെ ജില്ലാ തല നടത്തിപ്പിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിട്ടുള്ളതും പ്രസ്തുത അധികാരങ്ങൾ താലൂക്ക്/വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് വികേന്ദ്രീകരിച്ച നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - ബി

<table>
<tr><td>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പേരും മാതൃ വകുപ്പും ചുവടെ ചേർക്കുന്നു.
<table>
<tr><td></td><td>ജില്ല</td><td>പേര്</td><td>മാതൃവകുപ്പ്</td></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>ശ്രീമതി.സ്മിത എസ്.ആർ</td><td>റവന്യൂ</td></tr>
<tr><td>2</td><td>കൊല്ലം</td><td>ശ്രീമതി.ഷിബി.എൻ.</td><td>തദ്ദേശ സ്വയം ഭരണം</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>ശ്രീമതി. മിനി.പി</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>ശ്രീ.ബിജു.വി</td><td>നിയമസഭാ സെക്രട്ടറിയേറ്റ്</td></tr>
<tr><td>5</td><td>കോട്ടയം</td><td>ശ്രീമതി.ലക്ഷ്മിപ്രിയ പി.എസ്</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>6</td><td>ഇടുക്കി</td><td>ശ്രീമതി.ഷഹാൻ വി.കെ(I/C)</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>7</td><td>എറണാകുളം</td><td>ശ്രീമതി.ഷഹാൻ വി.കെ</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>ശ്രീ.ടിജോ ജോണി</td><td>കോളേജ് വിദ്യാഭ്യാസം</td></tr>
<tr><td>9</td><td>പാലക്കാട്</td><td>ശ്രീമതി.ലീന കെ.</td><td>പോലീസ്</td></tr>
<tr><td>10</td><td>മലപ്പുറം</td><td>ശ്രീമതി.കാഞ്ചന.സി</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>ശ്രീമതി.സുമയ്യ ടി.കെ</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>12</td><td>വയനാട്</td><td>ശ്രീമതി.ചന്ദ്രജ കിഴക്കേയിൽ</td><td>ഐ.എസ്.എം</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>ശ്രീ.സോജു അരിപ്പ</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>ശ്രീ.സജീവൻ കെ.കെ</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
</table>
</td></tr>
<tr><td>കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>ബാധകമല്ല.</td></tr>
<tr><td>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം, കോഴിക്കോട് മേഖലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ യഥാക്രമം പട്ടികജാതി വികസന വകുപ്പ്, ശ്രീ.ശങ്കരചാര്യ സംസ്കൃത സർവ്വകലാശാല എന്നീ വകുപ്പുകളിൽ നിന്നും അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതാണ്.</td></tr>
<tr><td>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>നിലവിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജില്ലാ വെൽഫെയർ ഫണ്ട് ഇസ്പെക്ടർമാർ ബോർഡിൽ പി.എസ്.സി മുഖേന നേരിട്ട് സർവ്വീസിൽ പ്രവേശിച്ചവരോ തസ്തികമാറ്റം മുഖേന വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർ ആയവരോ ആയ ബോർഡ് ജീവനക്കാർ തന്നെയാണ്. നിലവിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറെ ഗവ. സെക്രട്ടറിയേറ്റിലെ ധനകാര്യ വകുപ്പിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ സർക്കാർ നിയമിച്ചിട്ടുള്ളതാണ്.</td></tr>
<tr><td>കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>വിവിധ ജില്ലകളിലെ ജില്ലാ കമ്മിറ്റി ചെയർമാൻമാരുടെ വകുപ്പുകൾ ചുവടെ ചേർക്കുന്നു.<br><br>കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് കീഴിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനായി തൊഴിൽ വകുപ്പിലെ ജോയിന്റ് ലേബർ കമ്മീഷണറും, എറണാകുളം ജില്ലാ കമ്മിറ്റി ചെയർമാനായി നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും അന്യത്ര സേവനമനുഷ്ഠിച്ചുവരുന്നു. തൃശ്ശൂർ ജില്ലാ കമ്മിറ്റി ചെയർമാന്റെ പൂർണ്ണ അധിക ചുമതല ബോർഡിലെ തന്നെ അക്കൗണ്ട്സ് ഓഫീസർ വഹിച്ചു വരുന്നു. ബാക്കിയുള്ള ജില്ലാ കമ്മിറ്റികളിൽ അതത് ജില്ലാ ലേബർ ഓഫീസർമാർ ജില്ലാ കമ്മിറ്റി ചെയർമാന്മാരുടെ പൂർണ്ണ അധിക</td></tr>
</table>

<table>
<tr><td></td><td>ച്ചമതല സർക്കാർ ഉത്തരവ് പ്രകാരം വഹിച്ച വരുന്നു.</td></tr>
<tr><td>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>ബാധകമല്ല.</td></tr>
<tr><td>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്</td><td>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ കൊട്ടിയം, കൊട്ടാരക്കര ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ വ്യവസായ വകുപ്പിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നവരാണ്. കായംകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നയാൾ സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിൽ ജോലി നോക്കുന്നയാളാണ്.</td></tr>
<tr><td>കേരളതയ്യൽതൊഴിലാളി ക്ഷേമനിധിബോർഡ്</td><td>കേരളതയ്യൽതൊഴിലാളിക്ഷേമനിധിബോർഡിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td></td><td>ജില്ല</td><td>പേര്</td><td>മാതൃവകുപ്പ്</td></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>ശ്രീമതി.പ്രേമ കെ പത്മം</td><td>തൊഴിൽ വകുപ്പ്</td></tr>
<tr><td>2</td><td>കൊല്ലം</td><td>ശ്രീമതി.സംഗീത രാജൻ</td><td>കാലിക്കറ്റ് യൂണിവേഴ്സിറ്റി</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>ശ്രീമതി.മഞ്ജു.റ്റി(I/c)</td><td>റവന്യു</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>ശ്രീമതി.അമ്പിളി ആന്റണി</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>5</td><td>കോട്ടയം</td><td>ശ്രീ.ശരചന്ദ്രൻ</td><td>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്</td></tr>
<tr><td>6</td><td>ഇടുക്കി</td><td>ശ്രീ.ശരചന്ദ്രൻ (I/c)</td><td>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്</td></tr>
<tr><td>7</td><td>എറണാകുളം</td><td>ശ്രീ.ശൈലേന്ദ്രൻ (I/c)</td><td>പഞ്ചായത്ത്</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>ശ്രീ.ജോൺസൺ (I/c)</td><td>പോലീസ്</td></tr>
<tr><td>9</td><td>പാലക്കാട്</td><td>ശ്രീ.മനോജൻ സി.പി (I/c)</td><td>തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</td></tr>
<tr><td>10</td><td>മലപ്പുറം</td><td>ശ്രീ.ജോൺസൺ (I/c)</td><td></td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>ശ്രീ.സുനിൽ അഗസ്റ്റ്യൻ</td><td>സംസ്ഥാന ഇൻഷുറൻസ് വകുപ്പ്</td></tr>
<tr><td>12</td><td>വയനാട്</td><td>ശ്രീ.സുനിൽഅഗസ്റ്റ്യൻ (I/c)</td><td>സംസ്ഥാനഇൻഷുറൻ സ്വകുപ്പ്</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>ശ്രീമതി.അനിത. സി (I/c)</td><td>ഫിഷറീസ് ഡയറക്ടർ</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>ശ്രീ.വിനിൽകുമാർ (I/c)</td><td>ഹോമിയോപതി ഡയറക്ടറേറ്റ്</td></tr>
</table></td></tr>
<tr><td>കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്</td><td>കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്-ന്റെ കീഴിലെ 14 ജില്ലാ ഓഫീസുകളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു
<table>
<tr><td>ജില്ലാ</td><td>പേര്</td><td>മാതൃ വകുപ്പ്</td></tr>
<tr><td>തിരുവനന്തപുരം</td><td>ശ്രീ.വിഷ്ണു. ആർ</td><td>പഞ്ചായത്ത്</td></tr>
<tr><td>കൊല്ലം</td><td>ശ്രീമതി.അജിത ബി.എസ്</td><td>സംസ്കൃത സർവ്വകലാശാല</td></tr>
<tr><td>പത്തനംതിട്ട</td><td>ശ്രീമതി.ഷംലാ ബീവി.ആർ</td><td>സോയിൽ സർവ്വേ &</td></tr>
</table></td></tr>
</table>

<table>
<tr>
<td></td>
<td>
<table>
<tr><td></td><td></td><td>സോയിൽ കൺസർവേഷൻ</td></tr>
<tr><td>ആലപ്പുഴ</td><td>ശ്രീമതി.വീണ. എസ്</td><td>പഞ്ചായത്ത്</td></tr>
<tr><td>കോട്ടയം</td><td>ശ്രീമതി.ജ്യോതിലക്ഷ്മി.എസ്</td><td>സെക്രട്ടറിയേറ്റ്</td></tr>
<tr><td>ഇടുക്കി</td><td>ശ്രീ.അനസ്. ഇ.എസ്</td><td>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</td></tr>
<tr><td>എറണാകുളം</td><td>ശ്രീ.ഉണ്ണികൃഷ്ണൻ ആർ</td><td>ജില്ലാ സ്റ്റേഷനറി ഓഫീസ്</td></tr>
<tr><td>തൃശ്ശൂർ</td><td>ശ്രീമതി. സാവിത്രി .പി.പി</td><td>ജില്ലാ ലേബർ ഓഫീസ്</td></tr>
<tr><td>പാലക്കാട്</td><td>ശ്രീ.ജാൻസി മോൻ.എൻ</td><td>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്</td></tr>
<tr><td>മലപ്പുറം</td><td>ശ്രീമതി.റംല എൻ</td><td>ധനകാര്യ വകുപ്പ്<br>ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ്</td></tr>
<tr><td>കോഴിക്കോട്</td><td>ശ്രീമതി.ഷീജ എസ്.ജി</td><td>സെക്രട്ടറിയേറ്റ്</td></tr>
<tr><td>വയനാട്</td><td>ശ്രീമതി.സുനില എ.കെ</td><td>സെക്രട്ടറിയേറ്റ്</td></tr>
<tr><td>കണ്ണൂർ</td><td>ശ്രീമതി. പ്രസീത.കെ</td><td>സെക്രട്ടറിയേറ്റ്</td></tr>
<tr><td>കാസർഗോഡ്</td><td>ശ്രീ.സതീഷ് കുമാർ.സി</td><td>സംസ്കൃത സർവ്വകലാശാല</td></tr>
</table>
</td>
</tr>
<tr>
<td>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്</td>
<td>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മേഖലാ ഓഫീസുകളിലായി മൂന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരാണ് അധിക ചുമതലയായി സേവനം അനുഷ്ഠിക്കുന്നത്. ഇവരെല്ലാം തന്നെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരാണ്.</td>
</tr>
<tr>
<td>കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്</td>
<td>അന്യത്ര സേവന വ്യവസ്ഥയിൽ നിലവിൽ ജോലി ചെയ്യുന്ന ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ താഴെ പറയുന്ന വകുപ്പുകളിലെ ജീവനക്കാരാണ്.
<table>
<tr><th>വകുപ്പ്</th><th>എണ്ണം</th><th>ജില്ലകൾ</th></tr>
<tr><td>ലേബർ കമ്മീഷണറേറ്റ്</td><td>4</td><td>പത്തനംതിട്ട, ഇടുക്കി,തൃശ്ശൂർ കാസർഗോഡ്</td></tr>
<tr><td>പഞ്ചായത്ത് വകുപ്പ്</td><td>2</td><td>തിരുവനന്തപുരം, കൊല്ലം</td></tr>
<tr><td>റവന്യൂ വകുപ്പ്</td><td>1</td><td>ആലപ്പുഴ</td></tr>
<tr><td>ഗവ.സെക്രട്ടറിയേറ്റ്</td><td>3</td><td>എറണാകുളം, കോഴിക്കോട്, വയനാട്</td></tr>
<tr><td>എംപ്ലോയിമെന്റ് ഡയറക്ടറേറ്റ്</td><td>1</td><td>കോട്ടയം</td></tr>
</table>
</td>
</tr>
<tr>
<td>കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</td>
<td>ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ കേരള ബീഡി –ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആരും തന്നെ നിലവിൽ അന്യത്ര സേനവ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നില്ല.</td>
</tr>
<tr>
<td>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്</td>
<td>ബാധകമല്ല.</td>
</tr>
<tr>
<td>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി</td>
<td>കേരളചെറുകിടതോട്ടംതൊഴിലാളിക്ഷേമനിധിആക്റ്റിന്റെ 9(1) –)0<br>വകുപ്പ്പ്രകാരംബോർഡിന്റെചീഫ്എക്സിക്യൂട്ടീവ്ഓഫീസറേയും,</td>
</tr>
</table>

<table>
<tr><td>ബോർഡ്</td><td>ആവശ്യമെന്ന്കരുതുന്നത്രമറ്റ്ഉദ്യോഗസ്ഥരേയുംസർക്കാരിന്നിയമിക്കാവുന്നതാണ്.<br><br>സാമ്പത്തികശേഷിതുലോംകുറഞ്ഞകേരളചെറുകിടതോട്ടംതൊഴിലാളിക്ഷേമനിധിബോർഡിൽനാളിതുവരെചട്ടങ്ങൾപ്രകാരംതസ്തികകൾസൃഷ്ടിക്കപ്പെട്ട്നിയമനങ്ങൾനടത്തുകളുണ്ടായിട്ടില്ല.<br>സർക്കാർഉത്തരവുകൾപ്രകാരംനിലവിൽതൊഴിൽവകുപ്പിലെചീഫ്ഇൻസ്പെക്ടർഓഫ്പ്ലാന്റേഷൻസിന്മേൽബോർഡിന്റെചീഫ്എക്സിക്യൂട്ടീവ്ഓഫീസറുടെയും, (സ.ഉ (എ.എസ്) നമ്പർ 55/2009/തൊഴിൽതീയതി 18/03/2009), 11 പ്ലാന്റേഷൻഇൻസ്പെക്ടർമാർക്ക്, ജില്ലാഎക്സിക്യൂട്ടീവ്ഓഫീസർമാരുടെയും (സ.ഉ (ആർ.റ്റി) നമ്പർ 788/2009/തൊഴിൽ, തീയതി 11/06/2009) പൂർണ്ണഅധികചുമതലകൾനൽകയിരിക്കുന്നു.</td></tr>
<tr><td>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>പഞ്ചായത്ത് വകുപ്പ് (ഒരു ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ)</td></tr>
<tr><td>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്</td><td>
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>പേര്</th><th>വകുപ്പ്</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>ശ്രീ.ബിനു. എ സാരസം</td><td>തദ്ദേശ സ്വയംഭരണം</td></tr>
<tr><td>2</td><td>കൊല്ലം</td><td>ശ്രീമതി. സൗമ്യ എസ്.ആർ</td><td>തൊഴിലും നൈപുണ്യവും</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>ശ്രീമതി.എസ്.രാജി</td><td>തൊഴിലും നൈപുണ്യവും</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>ശ്രീ.ലാലൻ സി.ആർ</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>5</td><td>കോട്ടയം</td><td>ശ്രീമതി.നിഷാ ബാലൻ</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>6</td><td>ഇടുക്കി</td><td>ശ്രീമതി.നിഷാ ബാലൻ</td><td>അധിക ചുമതല</td></tr>
<tr><td>7</td><td>എറണാകുളം</td><td>ശ്രീ.ബോബിനാഥ്. എസ്</td><td>പി.എസ്.സി</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>ശ്രീ.മജീഷ് റ്റി.ജെ</td><td>സാംസ്കാരിക വകുപ്പ്</td></tr>
<tr><td>9</td><td>പാലക്കാട്</td><td>ശ്രീമതി.ജെ.ബിനി</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>10</td><td>മലപ്പുറം</td><td>ശ്രീമതി.റീന പുളിക്കൽ</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>ശ്രീ.ജയകൃഷ്ണൻ</td><td>ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്</td></tr>
<tr><td>12</td><td>കണ്ണൂർ</td><td>ശ്രീമതി.ചിത്രലേഖ</td><td>ഗവ.സെക്രട്ടറിയേറ്റ്</td></tr>
<tr><td>13</td><td>കാസർഗോഡ്</td><td>ശ്രീമതി.ചിത്രലേഖ</td><td>അധിക ചുമതല</td></tr>
</table>
</td></tr>
</table>

**സെക്ഷൻ ഓഫീസർ**